LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിയിൽപ്പെട്ട അപേക്ഷകർക്കുള്ള ചികിത്സാസഹായം

299 (1007) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽപ്പെട്ട എത്ര അപേക്ഷകർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ 1506 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് ചികിത്സാ ധനസഹായത്തിന് നടപടി

300 (1008) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർക്കായുള്ള ചികിത്സാ ധനസഹായത്തിന് മിശ്ര വിവാഹിതരുടെ മക്കൾക്ക് ധനസഹായം ലഭിക്കണമെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ ആരുടെ സാക്ഷ്യപ്പെടുത്തലുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കേണ്ടത് ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഇനിയും എത്രപേർക്ക് അനുവദിക്കപ്പെട്ട ധനസഹായം കൊടുത്തുതീർക്കുവാനുണ്ട് ;

(സി) ചികിത്സാ ധനസഹായത്തിന് ഇത്തരം നിയമത്തിന്റെ സങ്കീർണ്ണതകൾ തടസ്സമാവുന്നു എന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള നിയമത്തിൽ ഇളവു വരുത്തി ചികിത്സാ സഹായം യഥാസമയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?